

ഫോട്ടോ : രാജേഷ് മേനോൻ

# മാവൂർ രേഖകൾ

മാവൂർ റയൺസ് ലേബർ വകുപ്പിനു നൽകിയ വിശദീകരണ കത്തിന്റെ സംക്ഷിപ്ത രൂപം:

ഗ്രാസിം വ്യവസായ ശാലക്ക് പൾപ്പ് ഫൈബർ വിഭാഗങ്ങളുണ്ട്. പൾപ്പ് വിഭാഗത്തിന്റെ ഉത്പാദനശേഷി പ്രതിവർഷം 60,000 ടണ്ണും, അതിന്റെ സ്ഥാപിത ശേഷി 72,000 ടണ്ണുമാണ്. പൾപ്പ് വിഭാഗത്തിൽ 4 ഷിഫ്റ്റുകളിലായി 1281 ജോലിക്കാരുണ്ട്. 1998-99ൽ ഇവർക്ക് പ്രോവിഡന്റ് ഫണ്ട്, ശമ്പളം, കൂലി, മറ്റ് ആനുകൂല്യങ്ങൾ എന്നിങ്ങനെ ചിലവിന്റെ 19.61 ശതമാനമായിരുന്നു.

1965ലെ കരാർ പ്രകാരം കേരളത്തിലെ വനങ്ങളിൽ നിന്ന് നിശ്ചിത അളവിൽ അസംസ്കൃത വസ്തുക്കൾ ഫാക്ടറിക്ക് ലഭിക്കുന്നുണ്ട്. ഓരോ അഞ്ചുവർഷം കൂടുമ്പോഴും ഇത് പുതുക്കുന്നു. പൊതു വിപണിയിൽ നിന്നും അസംസ്കൃത വസ്തുക്കൾ ശേഖരിക്കുന്നുണ്ട്. ഇവ മാവൂരിലും നാഗ്ഡയിലും ഉപയോഗിക്കുന്നു. ഇപ്പോഴത്തെ കണക്കുകളനുസരിച്ച് കമ്പനി വലിയ നഷ്ടത്തിലാണ്.

കൃത്രിമ നാരുത്പാദിപ്പിക്കുന്ന കമ്പനിയുടെ യൂണിറ്റും ഇത്തരത്തിലൊരു മറുപടിയാണ് ലേബർ വകുപ്പിന് നൽകിയിട്ടുള്ളത്. അതുപ്രകാരം നാരുത്പാദന മേഖലയിൽ 4 ഷിഫ്റ്റുകളിലായി 845 തൊഴിലാളികൾ പണിയെടുക്കുന്നു. 1998-99ൽ കമ്പനിയുടെ ഉദ്പാദന ചിലവിന്റെ 16.52 ശതമാനം ഇവർക്കുള്ള വേതനചിലവുകളാണ്.

കമ്പനിയടച്ചുപൂട്ടാൻ അനുമതി തേടുന്നതിനു പ്രധാന കാരണം വേണ്ടത്ര അസംസ്കൃത വസ്തു ലഭിക്കാത്തതാണ്. പ്രതിവർഷം 2 ലക്ഷം ടൺ യൂക്കാലിപ്റ്റസാണ് വേണ്ടത്. കഴിഞ്ഞ ആറുവർഷമായി ഇത് മുഴുവൻ കിട്ടുന്നില്ല 12 ലക്ഷം ടൺ വേണ്ടിടത്ത് സർക്കാർ നൽകിയത് 6,87,249 ടണ്ണാണ്. മറ്റ് മരയിനങ്ങൾ ഉപയോഗിച്ചാൽ പൾപ്പിന്റെ ഗുണമേൻമ കുറയും. ഫാക്ടറി ഉത്പാദന തോത് നിലനിർത്താൻ മാനേജ്മെന്റ് കർണ്ണാടകയിൽ നിന്നും, ആന്ധ്രയിൽ നിന്നും മറ്റുമാണ് അസംസ്കൃത വസ്തുക്കൾ കൊണ്ടുവരുന്നത്. ഇതുമൂലം ലാഭം കുറയുന്നു. ഉത്പാദന തോത് 41,000 ടണ്ണിലെത്തിക്കാനേ കഴിയുന്നുള്ളൂ. കമ്പനി അടയ്ക്കാനുള്ള അനുമതി തേടുന്ന സമയത്ത് 90 ദിവസത്തെ ഉദ്പാദനത്തിന് കഷ്ടിച്ചു തികയും വിധം 57,000 ടൺ അസംസ്കൃത വസ്തു മാത്രമേ ഫാക്ടറി കൈവശമുള്ളൂ. വനം വകുപ്പ് വർഷം 30,000 ടൺ അസംസ്കൃത വസ്തുവാണ് നൽകിയത്. 1,80,000 ടൺ അസംസ്കൃത വസ്തു പുറമെ സർക്കാരിൽ നിന്നാണ് വാങ്ങിയത്. ഇതുമൂലം കമ്പനിക്ക് 33.66 കോടി രൂപ നഷ്ടമായി.

ലഭിക്കുന്ന അസംസ്കൃത വസ്തുവിന്റെ ഗുണമേൻമയും പ്രശ്നമാണ്. ഇതുമൂലം, മാവൂരിലെ പൾപ്പിന് മാർക്കറ്റ് കുറഞ്ഞിരിക്കുന്നു. ഇറക്കുമതി നയങ്ങളിലെ മാറ്റങ്ങളും മറ്റും പൾപ്പിന്റെയും, നാരിന്റെയും വിപണിയെയും ബാധിച്ചിട്ടുണ്ട്. ഇപ്പോഴത്തെ നിലയിൽ മാവൂർ ഫാക്ടറിക്ക് പിടിച്ചു നിൽക്കാനാവില്ല.

**മാവൂർ റയോൺസ് മാനേജ്മെന്റും സർക്കാരും തമ്മിലുണ്ടാക്കിയ കരാറുകളുടെ സംക്ഷിപ്തവിവരണമാണ് മാവൂർ രേഖകൾ എന്ന ഈ പരമ്പരയിലൂടെ കേരളീയം വെളിപ്പെടുത്തുന്നത്.**

ഓരോ യൂണിറ്റും അതിന്റെ സ്വന്തം നിലക്ക് ലാഭം ഉണ്ടാക്കണമെന്നാണ് മാനേജ്മെന്റ് നയം. 1998-99ൽ ഫാക്ടറി 2,20,323. 57 രൂപയുടെ നഷ്ടമാണുണ്ടാക്കിയത്.

ശുദ്ധജല ലഭ്യതയാണ് മറ്റൊരു പ്രശ്നം. ഒന്നര കോടി രൂപ ബണ്ട് നിർമ്മിക്കാൻ ജലസേചന വകുപ്പിന് നൽകിയെങ്കിലും, വെള്ളത്തിന്റെ പ്രശ്നത്തിന് പരിഹാരമായിട്ടില്ല. പാണ്ടിയാർ, പുന്നപ്പുഴ പ്രോജക്റ്റുകളിലേക്ക് തമിഴ്നാട് വെള്ളം മാറ്റി വിട്ടതിനാൽ ചാലിയാറിലെ വെള്ളം കുറഞ്ഞിരിക്കുന്നു. ഇതിനു പുറമെ മലിനീകരണ നിയന്ത്രണത്തിനുള്ള ചിലവും കൂടിയിരിക്കുകയാണ്. ടണ്ണിന് രണ്ടു രൂപ വീതം മലിനീകരണ നിയന്ത്രണത്തിന് ചിലവ് വരുന്നുണ്ട്.

തൊഴിലാളികളുടെ കൂലി പ്രശ്നമാണ് മറ്റൊരു പ്രധാനപ്രശ്നം. പുതുക്കിയ കൂലി കമ്പനിക്ക് താങ്ങാവുന്നതിലധികമാണ്. കൂലിയിലുള്ള നേരിയ വർദ്ധനപോലും കമ്പനിയെ സാമ്പത്തിക ഞെരുക്കത്തിലെത്തിക്കും. 383 കാഷ്വൽ തൊഴിലാളികളുടെ പ്രശ്നം കമ്പനിക്ക് വലിയ ബാധ്യതയാണ്.

നാരു നിർമ്മാണശാലയുടെ ഉത്പാദന ശേഷി പ്രതിദിനം 71 ടണ്ണാണെങ്കിലും 30 ടണ്ണിന്റെ ഉദ്പാദനമേ നടക്കുന്നുള്ളൂ. ഗുണമേൻമ കുറവായതിനാൽ മാവൂർ നാരിന് മാർക്കറ്റ് കുറവാണ്. ഇതിനേക്കാൾ നല്ല ഇറക്കുമതി നാര് ഇതിൽ കുറഞ്ഞ വിലക്ക് തമിഴ്നാട്ടിൽ കിട്ടും. 1999 ഏപ്രിലെ കണക്കുപ്രകാരം മാവൂർ നാര് കിലോവിന് 66.95 രൂപയാണ് വില. ഗുണമേൻമയേറിയ ഇറക്കുമതി നാരിന് കിലോക്ക് 40 രൂപയും. ഇറക്കുമതി നയ മാറ്റത്തിന്റെ ഭാഗമാണിത്. 1995ൽ 89 % ഉത്പാദന ശേഷി വിനിയോഗിച്ചിരുന്നെങ്കിൽ, മാർച്ച് 99ൽ അത് 53 ശതമാനമായി കുറഞ്ഞിരിക്കുന്നു.

വൈദ്യുതി ചാർജ്ജ് വർദ്ധനയും കമ്പനി നടത്തിപ്പിനെ ബാധിക്കുന്നു. 66 കോടി രൂപയാണ് വൈദ്യുതി ഉത്പാദനത്തിന് 98-99ൽ ചിലവ്. ഈ പശ്ചാത്തലത്തിൽ കമ്പനി പൂട്ടുകയല്ലാതെ പോംവഴിയില്ല.

## പൈങ്കിളി സീരിയലുകൾക്കെതിരെ പ്രതിഷേധം

തിരുവനന്തപുരം: ചാനലുകളിലെ പൈങ്കിളി സീരിയലുകൾക്കെതിരെ തലസ്ഥാനത്ത് വിദ്യാർത്ഥി പ്രതിഷേധം. 'സ്റ്റുഡന്റ്സ് ഫോർ സോഷ്യൽ ആക്ഷന്റെ' നേതൃത്വത്തിൽ വിദ്യാർത്ഥികൾ ഏഷ്യാനെറ്റ് കേന്ദ്രത്തിനു മുന്നിൽ ധർണ്ണ നടത്തി.

പൈങ്കിളി സീരിയലുകളാകുന്ന പത്മതീർത്ഥക്കുളത്തിൽ ജനങ്ങളെ മുക്കിക്കൊല്ലുകയാണ് ചാനലുകളെന്ന് സംഘടന ആരോപിച്ചു. 'സ്ത്രീ', 'സമയം' പോലുള്ള സീരിയലുകൾ യഥാർത്ഥത്തിൽ സ്ത്രീത്വത്തെ അടിച്ചമർത്തുകയാണ ചെയ്യുന്നത്.

സ്പോൺസർമാരെ കിട്ടാനുള്ള നെട്ടോട്ടത്തിനിടയിലും ജനങ്ങളോടുള്ള കടപ്പാട് മാധ്യമങ്ങൾ മറക്കാൻ പാടില്ല. വളർന്നുവരുന്ന തലമുറയെ വായനയിൽ നിന്നകറ്റി നോക്കുകുത്തികളാക്കി മാറ്റുന്ന മാധ്യമസംസ്കാരം കൂണുപോലെ പൊട്ടിമുളച്ച ചാനലുകളുടെ സംഭാവനകളാണ്. ഇതിനൊരറുതിവരുത്തേണ്ടതുണ്ട്. 'സ്റ്റുഡന്റ്സ് ഫോർ സോഷ്യൽ ആക്ഷൻ' ആ ലക്ഷ്യപ്രാപ്തിക്കായി എന്നും പ്രവർത്തിക്കുമെന്ന് പ്രസിഡന്റ് രാജീവ് കെ. അരീക്കാട് പറഞ്ഞു.